## പതിനഞ്ചാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 98 — 12.02.2025 ൽ മറുപടിയ്ക്ക്

# സംസ്ഥാന സ്കൂൾ കലോത്സവം ഗിന്നസ് ബുക്കിൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ വി ജോയി<br>ശ്രീ. കെ. എം. സച്ചിൻദേവ്<br>ശ്രീ. ജി സ്റ്റീഫൻ | വി.ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) |
| (എ) വിവാദങ്ങൾക്കോ തർക്കങ്ങൾക്കോ ഇട നൽകാതെ സംസ്ഥാന സ്കൂൾ കലോത്സവം സംഘാടക മികവിന്റെ മാതൃകയാക്കി തീർക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച മുൻകരുതലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാന സ്കൂൾ കലോത്സവം മികച്ച രീതിയിൽ സംഘടിപ്പിക്കുന്നതിനുള്ള ഒരുക്കങ്ങൾ 2024 ഒക്ടോബർ മാസം മുതൽ തന്നെ ആരംഭിച്ചിരുന്നു. 12/11/2024 ന് തിരുവനന്തപുരം ശിക്ഷക് സദനിൽ നടന്ന സ്വാഗതസംഘം രൂപീകരണ യോഗത്തോടെയാണ് കലോത്സവത്തിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ മന്ത്രിമാർ, ബഹു. തിരുവനന്തപുരം കോർപ്പറേഷൻ മേയർ, ജില്ലയിലെ എം.എൽ.എ. മാർ, ബഹു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ഡെപ്യൂട്ടി മേയർ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ്, ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, കലാസാംസ്കാരിക രംഗത്തെ പ്രമുഖർ, ട്രേഡ് യൂണിയൻ പ്രതിനിധികൾ, വിദ്യാർത്ഥി സംഘടന പ്രതിനിധികൾ, യുവജന സംഘടന പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കുകയും ഇവരുടെ സഹായം അഭ്യർത്ഥിക്കുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ വച്ച് കലോത്സവ നടത്തിപ്പിനായി ജനപ്രതിനിധികൾ ചെയർമാൻമാരായും അദ്ധ്യാപക സംഘടനാ പ്രതിനിധികൾ കൺവീനർമാരായും 19 സബ് കമ്മിറ്റികൾ രൂപീകരിച്ചു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിലും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിലും നിരവധി തവണ അവലോകന യോഗങ്ങൾ വിളിച്ചുചേർക്കുകയും കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ ഏകോപിപ്പിക്കുകയും ചെയ്തു. കലോത്സവം വൻവിജയമാക്കുന്നതിന് സർക്കാരിതര ഏജൻസികളുടെയും, വിവിധ വകുപ്പുകളുടെയും വ്യക്തികളുടെയും, സംഘടനകളുടെയും സ്വകാര്യ സ്ഥാപനങ്ങളുടെയും നിസ്സീമമായ സഹായങ്ങളും സഹകരണവും പൊതുവിദ്യാഭ്യാസ വകുപ്പിന് ലഭ്യമായിരുന്നു. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാന സ്കൂൾ കലോത്സവത്തെ ഏഷ്യയിലെ ഏറ്റവും വലിയ കലാമേള എന്ന നിലയിൽ ഗിന്നസ് ബുക്കിൽ വരുത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാന സ്കൂൾ കലോത്സവത്തെ ഗിന്നസ് ബുക്കിൽ വരുത്തുന്നത് സംബന്ധിച്ച നടപടികൾ എടുത്തിട്ടില്ല. |
| (സി) | കലോത്സവത്തെ വരുംകാലങ്ങളിൽ കൂടുതൽ ആകർഷകമാക്കുന്നതിനും കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും വിദേശ വിനോദ സഞ്ചാരികളെയടക്കം ആകർഷിക്കുന്നതിനും എന്തെല്ലാം പരിഷ്കാര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (സി) | നിലവിൽ അത്തരത്തിലുള്ള നടപടികളൊന്നും എടുത്തിട്ടില്ല. എന്നിരുന്നാലും ഭാവിയിൽ ടൂറിസം വകുപ്പുമായി ചേർന്ന് കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും വിദേശവിനോദ സഞ്ചാരികളെയടക്കം ആകർഷിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാവുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| (ഡി) | കലോത്സവ മാന്വൽ പരിഷ്കരിക്കുന്നതിനും കലോത്സവത്തിന് പൊതു കലണ്ടർ കൊണ്ടുവരുന്നതിനും ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | 2024-25 വർഷത്തിൽ കേരള സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് ഈ വർഷം കലോത്സവം നടന്നിട്ടുള്ളത്. കലോത്സവത്തിനായി പൊതുകലണ്ടർ കൊണ്ടുവരുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ